# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

### പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്കുള്ള തുക

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5585 6-7-2012-ൽ മറുപടിയ്ക്ക്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.പാലോട് രവി<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.വി.റ്റി.ബൽറാം. | കുമാരി.പി.കെ.ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പു മന്ത്രി ) |

| | |
|---|---|
| (എ) പട്ടികവർഗ്ഗക്കാർക്ക് ചെലവഴിക്കുന്ന തുക ഗുണഭോക്താക്കളിൽ എത്തുന്നുണ്ടോ എന്ന് പരിശോധിക്കാൻ നിലവിൽ എന്തെല്ലാം സംവിധാനങ്ങളുണ്ട്; | (എ) പട്ടികവർഗ്ഗക്കാർക്കായി ചെലവഴിക്കുന്ന തുക ബന്ധപ്പെട്ട ജില്ലാ ഓഫീസർമാർ പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ വഴിയാണ് ചെലവഴിക്കുന്നത്. തുകയുടെ വിനിയോഗം പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ എന്നീ ഉദ്യോഗസ്ഥർ പ്രാഥമിക തലത്തിൽ വിലയിരുത്തുന്നുണ്ട്. കൂടാതെ റോഡ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നിരീക്ഷിക്കാൻ ഒരു മോണിറ്ററിംഗ് കമ്മിറ്റിയും നിലവിലുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ കോർപ്പസ് ഫണ്ട് വിനിയോഗം ജില്ലാതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിയോടെ സ്ഥലം എം.എൽ.എ ചെയർമാനായും പ്രോജക്ട് ഓഫീസർ/ ട്രൈബൽ ഡവലപ്മെന്റ് ഓഫീസർ കൺവീനറായും ബന്ധപ്പെട്ട വകുപ്പിന്റെ ജില്ലാമേധാവി, ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ മെമ്പർമാരുമായ ഒരു കമ്മിറ്റിയുടെ നിരീക്ഷണത്തിലാണ് നടത്തി വരുന്നത്. സമയബന്ധിതമായി പ്രസ്തുത തുക വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനായി വകുപ്പുതല അവലോകന യോഗങ്ങൾ നടത്തുന്നുണ്ട്. |
| (ബി) ഈ സംവിധാനങ്ങളിൽ എന്തെല്ലാം പോരായ്മകൾ നിലനിൽക്കുന്നു ; ഇതിനായി മറ്റ് വകുപ്പുകളുമായി യോജിച്ച് ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | (ബി) പോരായ്മകളൊന്നും ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |

| | |
|---|---|
| (സി) ഇതിനായി എന്തെല്ലാം നടപടികൾ എടുക്കാനുദ്ദേശിക്കുന്നുണ്ട് എന്ന് വ്യക്ത മാക്കുമോ? | ബാധകമല്ല. |

സെക്ഷൻ ഓഫീസർ